**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5991** **09-11-2021 - ൽ മറുപടിയ്ക്ക്**

**നാട്ടുവൈദ്യ ചികിത്സ നടത്തുന്ന പട്ടികവർഗ്ഗക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | വയനാട് ജില്ലയിൽ നാട്ടുവൈദ്യ ചികിത്സ നടത്തുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | വയനാട് ജില്ലയിൽ പട്ടികവർഗ ഗോത്രവിഭാഗത്തിൽപ്പെട്ട 103 പാരമ്പര്യ വൈദ്യന്മാർ ഉള്ളതായി കിർത്താഡ്സ് 2016-ൽ പ്രസിദ്ധീകരിച്ച പാരമ്പര്യ വൈദ്യന്മാരുടെ പേരുവിവര സൂചികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പാരമ്പര്യ വൈദ്യ പ്രാഥമിക പരിശീലനം പൂർത്തിയാക്കിയ അടിയ/ പണിയൻ വിഭാഗത്തിൽപ്പെട്ട 43 പേരും ഉണ്ട്. |
| (ബി) | നിലവിൽ ഇവർക്ക് എന്തെല്ലാം സഹായങ്ങൾ ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | 1. പാരമ്പര്യ വൈദ്യ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മുഖ്യ വൈദ്യന്മാർക്ക് വാർഷിക ഗ്രാന്റ് ആയി പട്ടികവർഗ വികസന വകുപ്പ് കിർത്താഡ്സ് മുഖേന 10,000/- രൂപ വീതം നൽകി വരുന്നു. 2. ദേശീയ തലത്തിലും സംസ്ഥാനതലത്തിലും പാരമ്പര്യവൈദ്യന്മാരുടെ ശിൽപശാലകളും, ചികിത്സാക്യാമ്പുകളും കിർത്താഡ്സ് സംഘടിപ്പിക്കാറുണ്ട്. കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ പാരമ്പര്യവൈദ്യം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പാരമ്പര്യ വൈദ്യ സെന്റർ വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. പാരമ്പര്യ വൈദ്യന്മാരുടെ പേരു വിവര സൂചിക അടങ്ങുന്ന ഡയറക്ടറി 2013-ലും 2016-ലും കിർത്താഡ്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ